# നോമ്പുകാലം

## വചന വിചിന്തനം

### നാലാം ഞായർ

മത്താ 21,33-46

***ദാനമായി ലഭിച്ച മുന്തിരിത്തോട്ടത്തെ വരദാനമായി കാണാതെ തങ്ങളുടെ സ്വന്തമാക്കാനുള്ള കുറുക്കുവഴികൾ മെനയുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ തങ്ങളുടെ തന്നെ വിനാശത്തിന്റെ വാതിലുകളാണ് തുറക്കുന്നത്!***

*ദാനമായി നൽകപ്പെടുന്നവയിൽ നിന്നെല്ലാം കർത്താവ് ഓഹരികൾ ആവശ്യപ്പെടും...*

കുറച്ച് നാളുകൾക്ക് മുമ്പ് യുവജനങ്ങളുടെ കൂട്ടായ്മ ഒരുക്കിയപ്പോൾ ഒരു സഹോദരൻ ചോദിച്ച ചോദ്യം;

"അച്ചോ, കമ്യൂണിസമാണോ ക്യാപിറ്റലിസമാണോ നല്ലത്?"

അച്ചന്റെ പേര് വിളിച്ചിട്ടാണ് ചോദ്യമെങ്കിലും അച്ചന്റെ ഉത്തരമല്ല അവർ പ്രതീക്ഷിക്കുന്നത്. മറിച്ച്, കർത്താവിന്റെ കാഴ്ച്ചപ്പാടിൽ ഏതാണ് നല്ലത്; "കമ്യൂണിസമാണോ അതോ ക്യാപിറ്റലിസമാണോ കൂടുതൽ നല്ലത്?" ഒന്ന് മറ്റൊന്നിനേക്കാൾ നല്ലത് എന്ന് സമർത്ഥിക്കാൻ തത്രപ്പെടുന്നതിന്റെ ഇടയിലാണ് പെട്ടന്ന് ഒരു ബോദ്ധ്യം കടന്ന് വന്നത്;

"കർത്താവിന് കമ്യൂണിസത്തോടും ക്യാപിറ്റലിസത്തോടുമുള്ള മനോഭാവം എന്തായിരിക്കും?"

നീണ്ട ഒരു ധ്യാനം വേണ്ടി വന്നില്ല, കർത്താവിന് കമ്യൂണിസത്തോടും ക്യാപിറ്റലിസത്തോടുമുള്ള മനോഭാവം തിരിച്ചറിയാൻ. കാരണം, "ധനവാന്റെയും ലാസറിന്റെയും ഉപമ" ക്യാപിറ്റലീസത്തോടുള്ള കർത്താവിന്റെ നിക്ഷേധാത്മക മനോഭാവം ആണെങ്കിൽ "മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ" കമ്യൂണിസത്തിനോടുള്ള കർത്താവിന്റെ നിക്ഷേധാത്മക മനോഭാവം തന്നെയാണ്. ചുരുക്കത്തിൽ, കർത്താവ് വർഷങ്ങൾക്ക് മുമ്പേ കമ്യൂണിസത്തേയും ക്യാപിറ്റലിസത്തെയും കൃത്യതയോടെ വേർത്തിരക്കുകയും മാറ്റി നിർത്തുകയും ചെയ്തിരുന്നു.

ധനവാന്റെയും ലാസറിന്റെയും ഉപമയിലും മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിലും നരകശിക്ഷയ്ക്ക് ഇരയായവർ ചെയ്തത് വലിയ അപരാധം തന്നെയാണ്. സുഭിക്ഷതയുടെ തന്റെ മേശയിലെ അപ്പകഷണം തിന്നു ജീവിക്കേണ്ട ലാസർമാരാണ് ദരിദ്രജനമെന്നുള്ള ക്യാപിറ്റലിസ്റ്റു ചിന്തയ്ക്ക് ദൈവരാജ്യ സങ്കൽപ്പമായി വലിയ സാമ്യം ഒന്നുമില്ല. അതുപോലെ തന്നെ, തോട്ടം ഉടമയെ കൊന്ന് തൊഴിലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യത്തിന്റെ വെന്നികൊടി പാറിക്കാൻ ശ്രമിക്കുന്ന കമ്യൂണിസ്റ്റ് ചിന്തയ്ക്കും ദൈവരാജ്യ സങ്കൽപ്പത്തോടു കിടപിടിക്കാനുള്ള ധാർമ്മികമായ ശക്തിയില്ല. അതുകൊണ്ട് തന്നെ, കമ്യൂണിസത്തോടും ക്യാപിറ്റലിസത്തോടുമുള്ള ക്രിസ്തുവിന്റെ വിയോജനകുറിപ്പ് തന്നെയാണ് "ധനവാന്റെയും ലാസറിന്റെയും ഉപമയും മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയും."

"പിന്നീട് അവൻ (യജമാനൻ), എൻെറ പുത്രനെ അവർ ബഹുമാനിക്കും എന്നുപറഞ്ഞ് സ്വപുത്രനെത്തന്നെ അവരുടെ അടുക്കലേക്കയച്ചു. അവനെക്കണ്ടപ്പോൾ കൃഷിക്കാർ പരസ്പരം പറഞ്ഞു: ഇവനാണ് അവകാശി; വരുവിൻ നമുക്കിവനെ കൊന്ന് അവകാശം കരസ്ഥമാക്കാം. അവർ അവനെ പിടിച്ച് മുന്തിരിത്തോട്ടത്തിനു വെളിയിലേക്കെറിഞ്ഞുകൊന്നുകളഞ്ഞു" (മത്താ 21,37 - 39). മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ മനോഭാവം ശ്രദ്ധിക്കുക, "മറ്റുള്ളവർക്ക് എന്തു പറ്റിയാലും അതൊന്നും

എന്റെ വിഷയമല്ല. തങ്ങൾക്ക് സന്തോഷവും സുഖവും സാമ്പത്തീകമേൽകോയ്മയും വേണം.'' ഇന്ന് നമ്മളിൽ പലരുടെയും പ്രതിനിധികളായിട്ട് തന്നെയാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ നിലയുറപ്പിക്കുന്നത്.

ഒരിക്കല് മദ്യപിച്ച് വാഹനം ഓടിച്ചതിന് മൂന്നു പേരെ ഷാർജ്ജ പോലീസ് അറസ്റ്റ് ചെയ്തു. ഒരു ഇറ്റലിക്കാരനും ഒരു പാക്കിസ്ഥാനിയും കൂടെ ഒരു മലയാളിയും.

അവിടെ ശിക്ഷ വിചിത്രമാണ്. മദ്യപിച്ച് വാഹനം ഓടിച്ചാൽ മുതുകത്തു ഇരുപതു അടി. അതും ഒന്നാംതരം നല്ല ചാട്ടക്ക്.

തല്ലുകൊള്ളാൻ തയ്യാറായി തല്ലുകൊള്ളികളായി ആ മൂന്നു പേരും നിന്നു. തല്ലാനായി ഒരു കാട്ടറബിയും എത്തി.

പക്ഷെ, അന്ന് ഷെയ്ഖ് അറബി വളരെ സന്തോഷത്തിലായിരുന്നു. കാരണം, അദ്ദേഹത്തിന്റെ ഒരു ഭാര്യയുടെ പിറന്നാള് ആണ് അന്ന്. ഷെയ്ഖ് അറബിയുടെ കൂടെ ആ ഭാര്യയും ഉണ്ട്. അവൾ ഷെയ്ഖ് അറബിയോട് പറഞ്ഞു;

"ഇന്ന് തല്ലു കൊടുക്കുന്നതിനു മുന്പ് തല്ലുകൊള്ളിയ്ക്ക് ഒരു ആഗ്രഹം ചോദിക്കാം... അതു നടത്തി തരും. അതിനു ശേഷം തല്ലും!"

ക്യൂവില് ആദ്യം ഇറ്റലിക്കാരൻ... കാഞ്ഞ ബുദ്ധിയുള്ളവരാണ് ഇറ്റലിക്കാര്.... അവൻ തന്റെ ആഗ്രഹം പറഞ്ഞു;

"തല്ലുന്നതിനു മുൻപ് മുതുകത്തു ഒരു തലയണ വെച്ച് കെട്ടണം."

തലയണ വന്നു, കെട്ടി, തല്ലു തുടങ്ങി... പത്താം തല്ലിന് തലയണ തവിടുപൊടി... അടുത്ത പത്തു തല്ലു കൊണ്ട് ഇറ്റലിക്കാരന്റെ പരിപ്പിളകി...

ലൈനില് രണ്ടാമത് പാക്കിസ്ഥാനി.... അവൻ ഒന്ന് കണക്കുകൂട്ടി... പത്തിന് ഒരു തലയണ ...അപ്പോള് ഇരുപതിന് രണ്ട്... പാക്കിസ്ഥാനി തന്റെ ആഗ്രഹം ഷെയ്ഖിനോട് പറഞ്ഞു ...

"മുതുകത്ത് രണ്ടു തലയണ വെച്ച് കെട്ടണം."

പാക്കിസ്ഥാനിയുടെ ആഗ്രഹപ്രകാരം തലയിണ വന്നു, മുതുകത്ത് കെട്ടി , അടി തുടങ്ങി. പക്ഷെ, പതിനഞ്ചാം തല്ലിന് തലയണ പീസ്... പീസ്.... ബാക്കി അടി മുതുകത്തു...

അടുത്തത് നമ്മുടെ മലയാളിയുടെ ഊഴമായിരുന്നു...

അറബി പറഞ്ഞു; "ഓ നീ കേരളത്തില് നിന്നാണല്ലേ.... ദൈവത്തിന്റെ സ്വന്തം നാട്... നിനക്കൊക്കെ മദ്യപിച്ച് വണ്ടിയോടിക്കാൻ നാണമില്ലേ? എങ്കിലും, നീ ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്നായതിനാൽ രണ്ട് ആഗ്രഹം ചോദിക്കാം."

മുതുകത്ത് മുട്ടൻ അടികിട്ടി ഒന്നു നേരെ നിൽക്കാൻ പോലും പറ്റാതെയിരിക്കുന്ന ഇറ്റലിക്കാരനും പക്കിസ്ഥാനിയും അന്തിച്ച് ഷെയ്ഖിന്റെ നേരെ തറപ്പിച്ചൊന്നു നോക്കി. എന്നിട്ട് മനസ്സിൽ ഇപ്രകാരം പറഞ്ഞു, "എത്ര ആഗ്രഹം ചോദിച്ചിട്ടും പറഞ്ഞിട്ടും കാര്യം ഒന്നുമില്ല. അടിക്കാനുള്ളത് അടിച്ച് തന്നെ അറിബി തീർക്കും."

മലയാളി അറബിയെ ഒന്ന് തൊഴുതു. എന്നിട്ട്, മലയാളി ആഗ്രഹം പറഞ്ഞു;

"ആഗ്രഹം ഒന്ന്: തെറ്റ് പറ്റിപോയി അറബി മൊതലാളി. ശിക്ഷ കടുത്തത് തന്നെ വേണം... ഇരുപതല്ല എനിക്ക് അൻപത് അടി വേണം... ഇനി ആവർത്തിക്കാതിരിക്കാൻ ഇത് എനിക്കൊരു പാഠമാകണം."

ഇതു കെട്ട ഇറ്റലിക്കാരനും പാകിസ്ഥാന്കാരനും അറബിയും അമ്പരന്നു പോയി.

അറബി പറഞ്ഞു, "ശരി ഇനി രണ്ടാമത്തെ ആഗ്രഹം പറയു?"

മലയാളി പറഞ്ഞു; "അറബി മൊതലാളീ, ഞാനും ആ പാക്കിസ്ഥാൻക്കാരനും വലിയ കൂട്ടാണ്. ഞങ്ങൾ ഒരു പായയിലാണ് കിടന്നുറങ്ങുന്നത്. അതുകൊണ്ട്, അൻപത് അടി എന്റെ മുതുകത്തടിക്കുമ്പോൾ ആ പാക്കിസ്ഥാൻക്കാരനെ എന്റ മുതുകത്തു വെച്ച്

വിശ്വസ്ഥകൃഷിക്കാർ ദാനമായി ലഭിച്ചവയെ വരദാനമായി ഏറ്റു പറയുന്നവരും അതിന്റെ നന്മയെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരുമാണ്.

കെട്ടണം!"

കാഞ്ഞ ബുദ്ധിയുടെ കാര്യത്തിൽ മലയാളി ഇറ്റലിക്കാരനെവരെ മറിച്ചിട്ടിരിക്കുന്നു. ഇതൊരു സാങ്കൽപ്പിക കഥമാത്രമാണെങ്കിലും പങ്കുവയ്ക്കുന്നത് മുന്തിരത്തോട്ടത്തിലെ കൃഷിക്കാരുടെ മനോഭാവം എന്നതു പോലെ തന്നെ നമ്മുടെയും മനോഭാവങ്ങളാണ്. മറ്റുള്ളവർ വേദനിച്ചാലും ഇല്ലേലും അതൊന്നും എന്റെ വിഷയമല്ല. എനിക്ക് സുഖം കിട്ടണം. എനിക്ക് സന്തോഷം വേണം. എല്ലാവരും എന്നെ മാനിക്കണം. ചുരുക്കത്തിൽ, തൊഴിലാളി വർഗ്ഗത്തിന്റെ വർഗ്ഗബോധത്തിന്റെയും സർവ്വാധിപത്യത്തിന്റെയും ചുവന്ന കൊടിക്കിടയിൽ എന്റെയും മുഖത്തെ ഞാൻ ഒളിപ്പിച്ച് വച്ചിട്ടുണ്ട്. സമ്പത്തിന് പരിധി യുണ്ട്... പരിമിതിയുണ്ട്... കരുണയുടെ വർഷം നൽകുന്ന വലിയ ചിന്ത, "പങ്കുവ യ്ക്കാതെ കാത്തുസൂക്ഷിച്ചിട്ടുള്ള സമ്പത്ത് (അത് പണമാകാം, കഴിവുകളാകാം, സമയ മാകാം, സ്നേഹമാകാം...) വിനാശത്തിലേയ്ക്ക് ചവുട്ടി കയറാനുള്ള ചവിട്ടു പടികളാണ്" എന്നതാണ്.

ഒരു ദിവസം ഒരു കുഞ്ഞ് വിശന്ന് കരയുന്നു. അവർ അടുത്തു കണ്ട വലിയ ഒരു ഹോട്ടലിൽ ചെന്നു. കുഞ്ഞിന് കൊടുക്കാനായി ഒരു കപ്പ് പാല് അവശ്യപ്പെട്ടു. ഹോട്ടലുടമ പറഞ്ഞു; "ഒരു കപ്പ് പാലിന് 100 രൂപയാണ് വില."

കുഞ്ഞിൻെറ അമ്മ 100രൂപ കൊടുത്ത് പാൽ വാങ്ങി കുഞ്ഞിന് കൊടുത്തു കുഞ്ഞിൻെറ വിശപ്പ് മാറ്റി.

മറ്റൊരു ദിവസം കുഞ്ഞുമായി അവർ യാത്ര ചെയ്യുമ്പോൾ കുഞ്ഞ് വിശന്നു കരയുന്നു. അവർ കണ്ട ചെറിയ ഒരു ചായക്കടയുടെ മുൻപിൽ വണ്ടി നിറുത്തി.

ചായക്കടക്കാരനോട് ഒരു കപ്പ് പാല് ആവശ്യപ്പെട്ടു വളരെയധികം സ്നേഹത്തോടെയും, വാത്സല്യത്തോടെയും, അയാൾ പാൽ നൽകി. അമ്മ അതിൻെറ വില നൽകാനായി എത്ര എന്ന് ചോദിച്ചു. ചായക്കടക്കാരൻ പറഞ്ഞു;

"കുഞ്ഞ് കുടിച്ച പാലിൻെറ വില എനിക്ക് വേണ്ട. കുട്ടികൾ കുടിച്ച പാലിൻെറ വില ഞാൻ വാങ്ങാറില്ല. മാത്രമല്ല, ഇനിയുള്ള നിങ്ങളുടെ യാത്രയിൽ കുഞ്ഞിന് പാൽ വേണമെങ്കിൽ അതും കൂടി കൊണ്ടു പോകാം..."

ആ അമ്മയുടെ ഉള്ളിൽ ചില ചോദ്യം ഉയർന്നു, "ആരാണ് വലിയവൻ? എത്രയതികം സമ്പാദിച്ചാലാണ് ഒരാളുടെ ആർത്തി തീരുക? ആർക്ക് വേണ്ടിയാണ് ഇത്രയതികം വാരിക്കൂട്ടുന്നത്? എവിടേക്ക് ആണ് ഇതെല്ലാം കൊണ്ടു പോവുക? ആവശ്യത്തിലധികം ഉള്ള കാശിന് എന്താണ് വില? വെറും കടലാസ് തുണ്ടുകൾ. ആരും ഇവിടേക്ക് വന്നപ്പോൾ ഒന്നും കൊണ്ടുവന്നിട്ടില്ലാ... ആരും ഇവിടെ നിന്ന് ഒന്നും കൊണ്ടു പോവുന്നുമില്ലാ... മരിക്കുമ്പോൾ പുതയ്പ്പിക്കുന്ന തുണിക്ക് കീശയില്ല!!!!! ഖബറിനകത്ത് അലമാരയുമില്ല!!!"

തൊഴിലാളിയും മുതലാളിയും ഓരോദിവസവും ധ്യാനിക്കട്ടെ, "മരിക്കുമ്പോൾ പുത യ്പ്പിക്കുന്ന തുണിക്ക് കീശയില്ല!!!!! ഖബറിനകത്ത് അലമാരയുമില്ല!!!"

***"എന്നോടുകൂടെയല്ലാത്തവൻ എനിക്ക് എതിരാണ്.***
***എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു."***

ലൂക്കാ 11,21

ദൈവമാണ്
യഥാർത്ഥ ഉടമസ്ഥൻ...
അവകാശിയായ
ഉടമയെ കൊന്നാൽ
എല്ലാം സ്വന്തമാക്കാം
എന്നുള്ളത്
വ്യർത്ഥമായ സ്വപ്നം
മാത്രമാണ്....